# സകർമ്മയിൽ അറിയിപ്പുകൾ ചേർക്കുന്ന വിധം

| Author | Software | Category | Version | Release |
|---|---|---|---|---|
| Information Kerala Mission | Sakarma | User Manual | 1.0 | 27 Jan 2020 |

കേരളത്തിൽ പ്രളയം അടക്കം നടന്ന ദുരന്തങ്ങളിൽ നിന്നും കരകയറാനും, ഇനിയൊരു ദുരന്തം ഉണ്ടായാൽ അതിനെ ചെറുക്കുന്നതിനും അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനും ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ "നമ്മൾ നമുക്കായി" എന്ന ഒരു ക്യാമ്പയിനിന് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു.

ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത നിവാരണ പദ്ധതിയും, അതിനോടനുബന്ധമായി ദുരന്ത നിവാരണ പ്രത്യേക സെമിനാറും വാർഷിക സെമിനാറിന് മുന്നോടിയായും നടത്തേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇത് രേഖപ്പെടുത്തുന്നതിന് വേണ്ടി സകർമ്മ സോഫ്റ്റ്‌വെയറിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

സകർമ്മ സോഫ്റ്റ്‌വെയറിൽ (https://meeting.lsgkerala.gov.in) സെക്രട്ടറി ആയി ലോഗിൻ ചെയ്യുക. പ്രധാന മെനുവിലെ ഗ്രാമ സഭ പോർട്ടൽ എന്ന മെനുവിനു കീഴിലുള്ള ഗ്രാമസഭ തെരഞ്ഞെടുക്കുക (ചിത്രം 1). തുടർന്ന് വരുന്ന സ്ക്രീനിൽ "പുതിയ അറിയിപ്പ് തയ്യാറാക്കുക" എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. (ചിത്രം 2). ഈ സ്ക്രീനിലാണ് അറിയിപ്പ് തയ്യാറാക്കേണ്ടത് (ചിത്രം 3).

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്നു തരം അറിയിപ്പുകളാണ് ഉള്ളത് (ചിത്രം 4).

1. പ്രത്യേക ഗ്രാമ സഭ/ വാർഡ് സഭ (ദുരന്ത നിവാരണം)
2. ദുരന്ത നിവാരണ വികസന സെമിനാർ
3. വാർഷിക പദ്ധതിയുടെ സെമിനാർ

ഇതിൽ ഓരോന്നും തെരഞ്ഞെടുത്ത് അതിനായി തീരുമാനിച്ചിരിക്കുന്ന തീയ്യതിയും, സ്ഥലവും വിവരങ്ങളും രേഖപ്പെടുത്തുക. പ്രത്യേക ഗ്രാമ സഭ/ വാർഡ് സഭ (ദുരന്ത നിവാരണം) അറിയിപ്പ് തയ്യാറാക്കുന്നത് വാർഡ് അടിസ്ഥാനത്തിൽ ആയതിനാൽ വാർഡ് നമ്പർ കൂടെ ചേർക്കേണ്ടതാണ് (ചിത്രം 5). ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും രേഖകൾ (ഉദാ: അജണ്ട, കാര്യ പരിപാടി നോട്ടീസ്, തുടങ്ങിയവ) ഉണ്ടെങ്കിൽ പി.ഡി.എഫ്. ആയി അറ്റാച്ച് ചെയ്യാവുന്നതാണ്. അതിനുശേഷം സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. ക്രോഡീകരിച്ച വിവരങ്ങൾ ഗ്രാമസഭാ പോർട്ടലിൽ (https://gramasabha.lsgkerala.gov.in) ലഭ്യമാകുന്നതാണ്.

ചിത്രം 1 : ഗ്രാമസഭ ........ 2
ചിത്രം 2 : ഗ്രാമസഭ പോർട്ടൽ ........ 2
ചിത്രം 3 : പുതിയ അറിയിപ്പ് തയ്യാറാക്കുക ........ 2
ചിത്രം 4 : പുതിയ അറിയിപ്പിന്റെ തരം ........ 3
ചിത്രം 5 : പ്രത്യേക ഗ്രാമ സഭ/ വാർഡ് സഭ (ദുരന്ത നിവാരണം) ........ 3

പ്രധാന മെനു >> ഗ്രാമ സഭ പോർട്ടൽ >> ഗ്രാമസഭ.




*ചിത്രം 1 : ഗ്രാമസഭ*




*ചിത്രം 2 : ഗ്രാമസഭ പോർട്ടൽ*




*ചിത്രം 3 : പുതിയ അറിയിപ്പ് തയ്യാറാക്കുക*




*ചിത്രം 4 : പുതിയ അറിയിപ്പിന്റെ തരം*




*ചിത്രം 5 : പ്രത്യേക ഗ്രാമ സഭ/ വാർഡ് സഭ (ദുരന്ത നിവാരണം)*